(സി) എത്ര തുകയാണ് ഈ പദ്ധതി പ്രകാരം വിനിയോഗിക്കുവാൻ കഴിയുന്നത്;

(ഡി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി സംസ്ഥാന യുവജനകാര്യവകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

(ബി-ഡി) ബാധകമല്ല

ഭാരത് ദർശൻ യാത്ര

129 (5946) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്കായി ഭാരത് ദർശൻ യാത്ര നടത്തിയിരുന്നോ ഉണ്ടെങ്കിൽ, യാത്രയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) എത്ര എസ്.റ്റി. യുവതി യുവാക്കൾ യാത്രയിൽ പങ്കെടുത്തു ; എത്ര ഉദ്യോഗസ്ഥർ യാത്രയിൽ പങ്കെടുത്തു ; ആരെല്ലാമായിരുന്നു ഉദ്യോഗസ്ഥർ ; യാത്രക്കുള്ള ഭരണാനുമതി എപ്പോഴാണ് ലഭിച്ചത്; എന്നായിരുന്നു യാത്ര ;

(സി) യാത്രാനുമതി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം യാത്ര ചെയ്തിട്ടുണ്ടോ ; എത്ര തുകയാണ് യാത്രക്കായി നീക്കിവച്ചിരുന്നത് ; എത്ര തുകയാണ് യാത്രയ്ക്ക് ചെലവായത് ;

(ഡി) സംഘത്തിൽ യാത്ര ചെയ്ത യുവതി യുവാക്കളെയും ഉദ്യോഗസ്ഥരെയും തെരെഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദ്യ പട്ടികവർഗ്ഗ ഭാരത ദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22-ാം തീയതി കോഴിക്കോടുനിന്ന് വിമാനമാർഗ്ഗം ഡൽഹിയിൽ എത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃത്സർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ച ശേഷം 26-ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി. രണ്ടാമതായി 2014 നവംബർ 19 മുതൽ 25 വരെയുള്ള തീയതികളിലാണ് ഭാരത് ദർശൻ യാത്രാ പരിപാടി സംഘടിപ്പിച്ചത്. 19-ാം തീയതി തിരുവനന്തപുരത്തുനിന്നും യാത്ര തിരിച്ച് കൽക്കട്ടയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്തുകയും 20, 21 തീയതികളിൽ കൽക്കട്ടയിലെ വിവിധ സ്ഥലങ്ങളായ ഹൗറ ബ്രിഡ്ജ്, വിവേകാനന്ദ സേതു, ദക്ഷിണേശ്വർ ടെമ്പിൾ, ടാഗോർ ഹൗസ്, സയൻസ് സിറ്റി, സെന്റ് പോൾ കത്തീഡ്രൽ ചർച്ച്, വിക്ടോറിയ മെമ്മോറിയൽ ഹാൾ & മ്യൂസിയം, ഇൻഡ്യൻ മ്യൂസിയം, മദർ ഹൗസ്, റൈറ്റേഴ്സ് ബിൽഡിംഗ്, ഈഡൻ ഗാർഡൻ, കൽക്കട്ട പനോരമ എന്നീ ചരിത്ര പ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം 22-ാം തീയതി കൽക്കട്ടയിൽനിന്നും കാഠ്മണ്ഡുവിലെത്തുകയും അവിടെ ഗോഹേശ്വരി ടെമ്പിൾ, സ്വയംഭൂനാഥ ക്ഷേത്രം, പശുപതി ടെമ്പിൾ, ബുദ്ധ ക്ഷേത്രങ്ങൾ തുടങ്ങിയ ചരിത്ര പ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ച് 25-ാം തീയതി യാത്ര സംഘം തിരിച്ചെത്തുകയും ചെയ്തു.

(ബി) എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 19 പേരും ഉദ്യോഗസ്ഥരായ 5 പേരും ഭാരത ദർശൻ യാത്ര പരിപാടിയിൽ പങ്കെടുത്തു. ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ശ്രീമതി അന്നമ്മ - ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി

2. ശ്രീമതി സുമ - ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

3. ശ്രീ. കെ. രാധാകൃഷ്ണൻ നായർ - മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

4. ശ്രീ. സതീഷ് കുമാർ എസ്.വി - ക്ലാർക്ക്, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

5. ശ്രീ. സജികുമാർ. എസ്, ക്ലാർക്ക്, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് യാത്രക്കുള്ള ഭരണാനുമതി നൽകിയത് 30-12-2014-ന് ആയിരുന്നു. എസ്.റ്റി. ഭാരത് ദർശൻ യാത്ര സംഘടിപ്പിച്ചത് 2014 നവംബർ 19 മുതൽ 25 വരെയാണ്.

(സി) 2014 വർഷത്തിൽ കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്. ആ വിവരം സർക്കാരിനെ അറിയിക്കുകയും ഭരണാനുമതി തേടുകയും ചെയ്തിരുന്നു. എന്നാൽ യാത്ര പരിപാടിയുടെ സംഘാടനവുമായി മുന്നോട്ടുപോയ വേളയിലാണ് സന്ദർശിക്കാൻ ഉദ്ദേശിച്ച കാശ്മീരിലെ സ്ഥലങ്ങൾ, പ്രകൃതിക്ഷോഭത്തിൽപ്പെട്ട് തകർന്നതിൽനിന്നും മോചിതരായി വരുന്നതേയുള്ളുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. മാത്രമല്ല നവംബർ മാസത്തിൽ കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങളിൽ അതിശൈത്യമായതിനാൽ യാത്ര ദുഷ്കരമാകുമെന്നും മനസ്സിലാക്കിയതിനാൽ യാത്ര പരിപാടി മറ്റൊരു കേന്ദ്രത്തിലേയ്ക്ക് മാറ്റുവാൻ ആലോചിക്കുകയുണ്ടായി. ആയതിന്റെ

അടിസ്ഥാനത്തിൽ 6-11-2014-ന് ചേർന്ന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യോഗത്തിന് മുമ്പാകെ ഈ വിഷയം അവതരിപ്പിക്കുകയും കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങൾക്ക് പകരം കൽക്കട്ട. കാഠ്മണ്ഡു എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാൻ അനുമതി തേടുകയും പ്രസ്തുത ബോർഡ് യോഗം അനുമതി നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. എസ്.റ്റി. ഭാരത് ദർശൻ പരിപാടിക്കായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പരിപാടിക്കായി 14,75,723 രൂപ ചെലവഴിച്ചു. യാത്ര പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞ ഉടൻതന്നെ അധികമായി ചെലവഴിച്ചതുകയുടെ വിവരങ്ങൾ അടക്കമുള്ളവരവ് ചെലവ് കണക്കുകൾ സാധൂകരിക്കുന്നതിനായി 6-2-2015-ന് ചേർന്ന 10-ാമത് ബോർഡ് യോഗത്തിന് മുൻപാകെ സമർപ്പിക്കുകയും വരവുചെലവ് കണക്കുകൾ ബോർഡ് യോഗം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ യുവജനങ്ങളെയാണ് പ്രതിനിധികളായി തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും അവിടുന്ന് ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

പരിചിതമല്ലാത്ത അന്യസ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രാ അംഗങ്ങൾക്ക് സുരക്ഷിതത്വത്തിനും യാത്രയിൽ ഉടനീളം അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമായി വിവിധ സംസ്ഥാനങ്ങളിൽ വച്ച് നടന്ന നാഷണൽ യുവോത്സവം പോലുള്ള പരിപാടികളിൽ കേരള ടീമിനെ നയിച്ച പരിചയസമ്പന്നരും ഭാഷാ പ്രാവീണ്യം ഉള്ളവരുമായ ഉദ്യോഗസ്ഥരെയാണ് യാത്രയിൽ ഉൾപ്പെടുത്തിയത്.

സാഹസിക അക്കാഡമി

130 (5947) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സാഹസിക അക്കാഡമിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly